പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1090

**10.06.2019** -ലെ മറുപടിയ്ക്ക്

## പ്ലാന്റേഷൻ പോളിസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സർക്കാർ പ്ലാന്റേഷൻ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാനനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | എ) ഇല്ല |
| ബി) തോട്ടം മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; ആയത് പ്രസ്തുത മേഖലയിൽ ഉളവാക്കിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി)തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.<br><br>തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.<br><br>റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.<br><br>തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടംപുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ |

പരിഗണനയിലാണ്.

കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കികൊണ്ട് നടപടി സ്വീകരിച്ചു.

ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

തൊഴിലാളികളുടെ വേതന പരിഷ്കരണം കാലാകാലം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു.

സി) റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കിയിരുന്ന സീനിയറേജ് (Seigniorage) തുക പൂർണ്ണമായും ഒഴിവാക്കുന്നതു സംബന്ധിച്ച് ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷൻ സമർപ്പിച്ച തോട്ടം മേഖലയിലെ പ്രതിസന്ധിയെപ്പറ്റിയുള്ള റിപ്പോർട്ടിൽ എന്തെങ്കിലും ശുപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത കമ്മീഷന്റെ ശിപാർശ എന്തായിരുന്നു ; വ്യക്തമാക്കാമോ ;

സി) റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പേൾ ഈടാക്കിയിരുന്ന സീനിയറേജ് ഒഴിവാക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

"തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീ പ്ലാന്റിനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം".

ഡി) കമ്മീഷൻ നൽകിയ ശുപാർശയിൽ മാറ്റം വരുത്തിയത് ഏതു സാഹചര്യത്തിലാണ്; ഇത് പ്ലാന്റേഷൻ മേഖലയിലെ വൻകിടക്കാരെ സഹായിക്കുവാൻ വേണ്ടിയാണെന്ന ആക്ഷേപം വസ്തുതാപരമല്ലേ?

ഡി) സീനിയറേജ് സംബന്ധിച്ച കമ്മീഷന്റെ നിർദ്ദേശത്തിൽ മാറ്റം വരുത്തിയിട്ടില്ല. ടി നിർദ്ദേശ പ്രകാരം റീപ്ലാന്റേഷനുവേണ്ടി റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ സീനിയറേജ് ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് പ്ലാന്റേഷൻ മേഖലയിലെ വൻകിടക്കാരെ സഹായിക്കാൻ വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**